# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **295.**

12..10..2011-ൽ മറുപടിക്ക്

## ആഭ്യന്തര പാൽ സംഭരണം

ചോദ്യം

**ശ്രീ. എസ്. രാജേന്ദ്രൻ**
**ശ്രീ. എ. പ്രദീപ്കുമാർ**
**ശ്രീമതി. കെ. എസ്. സലീഖ**
**ശ്രീ. ആർ. സെൽവരാജ്**

ഉത്തരം

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് ആവശ്യമായ പാൽ ആഭ്യന്തരമായി സംഭരിക്കാൻ സാദ്ധ്യമാകുന്നുണ്ടോ; അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നുണ്ടോ; എങ്കിൽ എപ്പോൾ; മൊത്തം പാൽ സംഭരണവും വിതരണവും തമ്മിലുള്ള അന്തരം വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് ആവശ്യമായ പാൽ ആഭ്യന്തരമായി സംഭരിക്കാൻ സാധ്യമാകുന്നില്ല. പാലിന്റെ ആവശ്യകത വർദ്ധിക്കുന്നത് ഉത്സവകാലങ്ങളിലും വേനൽ കാലങ്ങളിലുമാണ്. അത്തരം അവസരങ്ങളിൽ അന്യ സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കാറുണ്ട്. സംസ്ഥാനത്ത് പാലിന്റെ സംഭരണവും വിതരണവും നടത്തുന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഡയറികളുമാണ്. സംസ്ഥാനത്ത് പ്രതിദിനം ശരാശരി 76 ലക്ഷം ലിറ്റർ പാൽ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു. ഇത് തികയാതെ വരുന്ന സന്ദർഭങ്ങളിൽ ദിനംപ്രതി 6 മുതൽ 8 ലക്ഷം ലിറ്റർ പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നുണ്ട്.

(ബി) പാലിന്റെയും ക്ഷീര ഉല്പന്നങ്ങളുടെയും ആവശ്യം വർഷന്തോറും വർദ്ധിക്കുകയാണോ; എങ്കിൽ ഉല്പാദന ലക്ഷ്യവും അതിനനുസൃതമായ വികസന പദ്ധതികളും നിലവിലുണ്ടോ?

(ബി) പാലിന്റെയും ക്ഷീര ഉത്പന്നങ്ങളുടെയും ആവശ്യം വർഷംതോറും വർദ്ധിച്ചു വരികയാണ്. ഇത് തരണം ചെയ്യുന്നതിനായി വിവിധ പദ്ധതികൾ നിലവിലുണ്ട്. ഉത്പാദന ലക്ഷ്യം കൈവരിക്കുന്നതിനായി ഉത്പാദന ചെലവിനനുസരണമായി കർഷകർക്ക് ന്യായവില ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വ്യാപനം, എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അന്യസംസ്ഥാനങ്ങളിൽ നിന്നും ക്ഷീരകർഷകർക്ക് സങ്കരയിനം പശുവിനെ വാങ്ങി കൊടുക്കുന്ന പദ്ധതി, കർഷകർക്ക് കറവയന്ത്രം, മറ്റ് അവശ്യ ഉപകരണങ്ങൾ വന്നിവയും പദ്ധതികളിൽ ഉൾപ്പെടുത്തി നൽകി വരുന്നു. ദീർഘ/ ഹ്രസ്വകാല തീറ്റപ്പുൽ കൃഷിക്ക്

പ്രാധാന്യം നൽകിയും കാലിത്തീറ്റയ്ക്ക് ഉയർന്ന നിരക്കിൽ സബ്സിഡി നൽകുന്നതിനും നല്ലയിനം കറവ പശുക്കളെ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് പശുക്കുട്ടി-കിടാരി വളർത്തൽ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, ക്ഷേമനിധി ബോർഡ് വഴി ക്ഷീരകർഷകർക്ക് പെൻഷൻ, അപകട ഇൻഷ്വറൻസ്, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും നൽകി വരുന്നു. ആകസ്മികമായി ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കൊണ്ട് ദുരിതം അനുഭവിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസമായി 5000 രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നു. ഇവയ്ക്കു പുറമെ, മികച്ച ക്ഷീരകർഷകരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് സമ്മാനം നൽകുകയും അവരെ ആദരിക്കുകയും ചെയ്യുന്നു. ബ്ലോക്ക്/ജില്ലാ ക്ഷീരകർഷക സംഗമങ്ങൾ സംഘടിപ്പിച്ച് കർഷകരുടെ മികച്ച ഇനം കന്നുകാലികളെ പ്രദർശിപ്പിക്കുന്നതിനും പ്രദർശനത്തിൽ മികച്ച കന്നുകാലികളെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച തീറ്റപ്പുൽ കൃഷിത്തോട്ടം ഉടമയ്ക്കും സമ്മാനങ്ങൾ നൽകുന്നു. കാലിത്തീറ്റ സബ്സിഡി ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾ-പ്പെടുത്തി തീറ്റപ്പുൽ കൃഷി 3000 ഹെക്ടർ സ്ഥലത്തു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

മിൽമ നിലവിലുള്ള ഡയറികളുടെ നവീകരണം, സംസ്ക്കരണശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കി വരുകയാണ്. വിവിധതരം പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള യന്ത്രസാമഗ്രികൾ, പഴക്കം ചെന്ന യന്ത്രസാമഗ്രികൾക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾ വിവിധ ഡയറികളിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ.